**കേരള സർക്കാർ**

54715/യു3/2014/റവന്യൂ

റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം
തീയതി 04.07.2015

**സർക്കുലർ**

വിഷയം ഭൂമി കൈമാറ്റം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി സർക്കാർ പദ്ധതികൾക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങളിൽ വ്യക്തത വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന 13.07.2011-ലെ 20332/ആർ.ഡി3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ.

*******

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി സർക്കാർ പദ്ധതികൾക്ക് ആവശ്യമായി വരുമ്പോൾ നടപടിക്രമങ്ങളിലെ അവ്യക്തതമൂലം ഭൂമി കൈമാറുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലും നിയന്ത്രണത്തിലുമുള്ള ഭൂമികൾ ഏതൊക്കെയാണെന്നും അത് എപ്രകാരം സംരക്ഷിക്കണമെന്നും വിനിയോഗിക്കണമെന്നും സൂചന സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.
2. ഇത്തരം ഭൂമികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമെ സർക്കാർ പദ്ധതികൾക്ക് വേണ്ടി കൈമാറുന്നതിനും വിനിയോഗിക്കുന്നതിനും കഴിയുകയുള്ളൂ;
3. ഭൂമി കൈമാറുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതായ നടപടികൾ പഞ്ചായത്ത് രാജ് ആക്റ്റ്, മുൻസിപ്പാലിറ്റി ആക്റ്റ് പ്രസ്തുത ആക്റ്റുകളുടെ അനുബന്ധമായ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.
4. ഭൂമി ആവശ്യമുള്ള വകുപ്പുകൾ, സ്ഥാപനങ്ങൾ പദ്ധതിയുടെ വിശദാംശങ്ങളും, അനിവാര്യതയും തദ്ദേശ സ്വയംഭരണ വകുപ്പിനെ ബോധ്യപ്പെടുത്തി അനുമതി സമ്പാദിച്ച ശേഷമാണ് റവന്യൂ വകുപ്പ് മുഖേന ഭൂമി കൈമാറി കിട്ടുന്നതിനുള്ള അർത്ഥനാപത്രം ജില്ലാകളക്ടർക്ക് നൽകേണ്ടത്.
5. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള അനുവാദം സഹിതം അർത്ഥനാപത്രം ലഭിക്കുമ്പോൾ ഔപചാരിക ഭൂമി കൈമാറ്റ ശുപാർശ നിയമാനുസരണം ജില്ലാകളക്ടർ തയ്യാറാക്കി ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം റവന്യൂ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

**ഡോ. വിശ്വാസ് മേത്ത**
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അസിസ്റ്റന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ,
ലാന്റ് ബാങ്ക്, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ് (ബന്ധപ്പെട്ടവർക്ക് പകർപ്പ് നല്കുന്നതിന് 200 പകർപ്പുകൾ)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി